ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജു ഉന്നയിച്ച പ്രശ്നം പോലീസ് വകുപ്പ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്ന ഒരു കേസാണ്. 27-11-2010-ന് ഷിജാറ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പുനലൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘമാണ് ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം റെയിഞ്ച് ഐജി. സംഭവസ്ഥലം സന്ദർശിക്കുകയും അന്വേഷണം ശാസ്ത്രീയമായ നിലയിൽ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള നടപടികളൊക്കെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്തിക്കൊണ്ട് പ്രതികളെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ കേസ് മറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(5) ആറളം ഫാമിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ആറളം ഫാം സംസ്ഥാന ഗവൺമെന്റിന് വിട്ടു കിട്ടിയതിനുശേഷം ആ ഫാമിന് ശാപമോക്ഷം കിട്ടുന്ന ഒരു അവസ്ഥ ഇപ്പോൾ ഉണ്ടാകുന്നുണ്ട്. വളരെ നാശോന്മുഖമായിരുന്നു അത്. അങ്ങയുടെ നേതൃത്വത്തിൽ അവിടെ ഒരു ഫാം കോർപ്പറേഷൻ രൂപീകരിക്കുകയും അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫാമിന് പ്രത്യേകിച്ച് ഒരു ലോഗോ അതുപോലെ പ്ലാന്റ് ഒക്കെ ഉണ്ടാക്കിക്കൊണ്ട്. ഇപ്പോൾ ആളുകൾക്ക് വളരെ പ്രതീക്ഷയുണ്ടായിട്ടുണ്ട്. ആ ഫാമിനകത്ത് ആദിവാസി വിഭാഗത്തിന്റെ റീഹാബിലിറ്റേഷൻ, ഇതിന്റെ പകുതി ഭാഗമാണ് ഫാമായിട്ട് നിലനിർത്തുന്നത്. ഫാമിനകത്ത് 250 ആദിവാസികളെ പുതിയതായിട്ട് ജോലിക്ക് നിശ്ചയിച്ച് അവർക്ക് സൗജന്യമായി ഉച്ചക്ഷണം കൊടുക്കുന്ന ഒരു പദ്ധതിയുണ്ട്. പക്ഷേ അവിടുത്തെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ വളരെ പഴയ കാലത്തുള്ളതുതന്നെയാണ്. വളരെ തുച്ഛമായിട്ടുള്ള കൂലി മാത്രമാണ് അവർക്ക് കിട്ടുന്നത്. ഇക്കാര്യം അവർ നിരന്തരമായി ആവശ്യപ്പെടുകയാണ്. അവിടത്തെ യൂണിയന്റെ നേതൃത്വത്തിൽ ശ്രീ. പി. ജയരാജൻ, എം.എൽ.എ. അടക്കമുള്ള യൂണിയൻ നേതാക്കൾ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് കേരളത്തിലെ മറ്റ് ഫാമുകളിൽ ലഭ്യമാകുന്ന സേവന വേതന വ്യവസ്ഥകൾ ആറളം ഫാമിലെ തൊഴിലാളികൾക്കും അടിയന്തരമായി ലഭ്യമാക്കണം. അതുപോലെ ഗവൺമെന്റ് ഉത്തരവ് നടപ്പാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ വിഷമത അവിടെ ഇപ്പോൾ അനുഭവിക്കുകയാണ്. അത് ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, 21-6-2004 ലെ ത്രികക്ഷി കരാർ പ്രകാരമാണ് ആറളം ഫാം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായത്. 3060 ഏക്കറിൽ പകുതി സ്ഥലം ഭൂരഹിത ആദിവാസികളുടെ വിതരണത്തിനും ബാക്കി പകുതി ഫാമായി നിലനിർത്താനുമാണ് നിശ്ചയിച്ചത്. 4-6-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ രജിസ്റ്റർ ചെയ്തു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് ഇപ്പോൾ ആറളം ഫാം. എന്നാൽ സ്റ്റേറ്റ് അഗ്രികൾച്ചർ ഫാമിലെ തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം അനുവദിച്ച് കൃഷി വകുപ്പ് ഇറക്കിയ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം തങ്ങൾക്കും വേണമെന്ന ആവശ്യം ഉന്നയിച്ച് ഫാമിലെ തൊഴിലാളികൾ സമരത്തിന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് 19-11-2009-ൽ കണ്ണൂർ ജില്ലാ കളക്ടർ യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം അനുസരിച്ച് 1-1-2006 മുതൽ പ്രാബല്യത്തോടുകൂടി തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് സർക്കാരിന് ശിപാർശ നൽകി. തുടർന്ന് സർക്കാർ ചർച്ച നടത്തി 5-3-2010-ന് സംസ്ഥാന സർക്കാരും യൂണിയനുകളും തമ്മിൽ കരാറാവുകയും 1-1-2010 മുതൽ പ്രാബല്യത്തോടുകൂടി ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ ധാരണയുമായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സും ധനകാര്യ വകുപ്പും അംഗീകരിച്ചുമാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അവയുടെ പരിശോധനകൾ ഇപ്പോൾ പൂർത്തിയായിക്കഴിഞ്ഞു. അടുത്ത ഒരാഴ്ചയ്ക്കകം ഇതുസംബന്ധിച്ച അന്തിമ ഉത്തരവ് മന്ത്രിസഭാ അംഗീകാരത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. യൂണിയനുകളുമായി ഇതു സംബന്ധിച്ചുണ്ടാക്കിയിട്ടുള്ള കരാർ പരിപൂർണ്ണമായി ഗവൺമെന്റ് നടപ്പിലാക്കും.

(6) രണ്ട് രൂപ നിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതി

ശ്രീ. എ. എ. അസീസ്: സർ, പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന ഗവൺമെന്റ് നയം നടപ്പിലാക്കിയ കൂട്ടത്തിൽ ആ ഉത്തരവിൽ വന്ന ഒരു വ്യക്തത ഇല്ലായ്മമൂലം പരമ്പരാഗത വ്യവസായ തൊഴിലാളികൾ എന്നത് തൊഴിലെടുക്കുന്നവർക്കു മാത്രമായി പരിമിതപ്പെടുത്തുകയും പെൻഷനേഴ്സിന് ഇല്ലാതാകുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം സംജാതമായിരിക്കുകയാണ്. കശുവണ്ടി തൊഴിലാളി, കയർ തൊഴിലാളി, കൈത്തറി തൊഴിലാളി, മത്സ്യത്തൊഴിലാളി തുടങ്ങിയ അനേകായിരം ആളുകൾ ക്ഷേമനിധിയിൽനിന്നും പെൻഷൻ പറ്റി വീടുകളിൽ കഴിയുന്നവരാണ്. യഥാർത്ഥത്തിൽ തൊഴിലുള്ളവരേക്കാൾ അർഹരായവരാണ് തൊഴിലില്ലാത്തവർ. എന്നാൽ തൊഴിലില്ലാത്ത തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി ലഭിക്കുന്നില്ല, പെൻഷനേഴ്സിന് ലഭിക്കുന്നില്ല. അതിന് ആ ഉത്തരവിൽ ഒരു വ്യക്തത ഉണ്ടാകണമെന്നുള്ളതാണ് ആവശ്യം. അതോടൊപ്പം മറ്റൊരു കാര്യംകൂടി ഞാൻ ഉന്നയിച്ചിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഒരു കാര്യമാണ്. മാവേലി സ്റ്റോറിലെ കമ്പ്യൂട്ടർ വാങ്ങുന്നതിലുള്ള വില നിർണ്ണയത്തെ സംബന്ധിച്ചാണ്. പഞ്ചായത്ത് വകുപ്പിൽനിന്ന് 40,000 രൂപയുടെ കമ്പ്യൂട്ടറുകൾ വാങ്ങണമെന്നും പറയുന്നു. സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അമ്പതിനായിരം രൂപയുടെ കമ്പ്യൂട്ടർ വാങ്ങണമെന്നും പറയുന്നു. അതിനൊരു വ്യക്തത ഉണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly